**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 221** **29-01-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി ആശുപത്രിയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഒ. പി. ചികിത്സ നേടുന്നവരുടെ എണ്ണം കൂടുന്ന സാഹചര്യം കണക്കിലെടുത്ത് കൂടുതൽ ഡോക്ടർമാരെയും മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി ആർദ്രം മാനദണ്ഡ പ്രകാരം താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആർദ്രം മാനദണ്ഡ പ്രകാരമുള്ള തസ്തികകൾ ഈ ആശുപത്രിയിൽ നിലവിലുണ്ട്.<br><br>ആരോഗ്യവകുപ്പിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽനിലവിൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ആധുനിക സംവിധാനങ്ങളോടെ കെട്ടിടസമുച്ചയം പണി തീർത്തിട്ടും കിടത്തി ചികിത്സക്കുള്ള ബെഡ് കപ്പാസിറ്റി വർദ്ധിപ്പിക്കാത്ത സാഹചര്യത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യുന്നതിന് പോലീസ് സർജന്റെ സേവനം ലഭ്യമല്ലാത്തതിനാൽ കോട്ടയം മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യത്തിന് പരിഹാരമുണ്ടാക്കാമോ? | (സി) | നിലവിലെ മാനദണ്ഡ പ്രകാരം ജില്ലാതല ആശുപത്രികളിലാണ് പോലീസ് സർജന്റെ സേവനം ലഭ്യമാക്കി വരുന്നത്. കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി ആർദ്രം മാനദണ്ഡ പ്രകാരം താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ